ശ്രീ. ആർ. ശങ്കർ : ഡൊമസ്റ്റിക്ക് കൺസേൺസിനു് കട്ടു് ഇല്ല. ഇൻഡസ്ട്രിയൽ കൺസേൺസിനാണു് കട്ടു് ഏർപ്പെടുത്തിയിട്ടുള്ളതു്. അതിൽത്തന്നെ ക്ഷേണസാധനങ്ങളും പ്രോസസ്സു് ചെയ്യുന്നതിനും ഡിഫൻസിന്റെ ആവശ്യത്തിനും, തുടർച്ചയായി വർക്കു് ചെയ്യാതിരുന്നാൽ കേടുവരുന്ന ചില യന്ത്രങ്ങൾക്കും ഒക്കെ സ്പെഷ്യലായിട്ടു് കൊടുക്കുന്നുണ്ടു്. ഒരു പക്ഷേ കുറെക്കൂടി കട്ടു് വേണ്ടിവരുകയില്ലേ എന്ന സാഹചര്യമാണു് ഇന്നുള്ളതു്. മദ്രാസിൽനിന്നു് കുറെക്കൂടി പൗവ്വേഴ്സു് കിട്ടുന്നതിനുവേണ്ടി പരിശ്രമങ്ങളും പരാജയപ്പെട്ടിരിക്കുകയാണു്. കേന്ദ്രഗവണ്മെന്റിനും ഇക്കാര്യത്തിൽ കൂടുതൽ ചെയ്യാൻ കഴിയുമെന്നു തോന്നുന്നില്ല.

ജലസേചനത്തിനു് ചെലവായ സംഖ്യ.

* 604. [20] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962-63 സാമ്പത്തിക വർഷത്തിൽ ജലസേചനത്തിനായി ഓരോ ഇനത്തിലും (മൈനർ, മീഡിയം, മേജർ) ഓരോ ജില്ലയിലും എത്ര തുക വീതം ചെലവുചെയ്തു ;

(ബി) ഓരോ ജില്ലയിലും എത്ര ഏക്കർ വീതം കൃഷിസ്ഥലങ്ങൾക്കു കൂടുതൽ ജലസേചനസൗകര്യം ലഭിച്ചു ;

(സി) തൽഫലമായി പ്രതീക്ഷിക്കുന്ന ഉൽപ്പാദന വർദ്ധനവു് ഏകദേശം എത്രയാണു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ,ബി) സ്റ്റേറ്റുമെന്റു് മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

(സി) 8780.66 ടൺ കൂടുതൽ അരി. ഇതിൽ നാലു ഡിസ്ട്രിക്റ്റുകളുടെ വിവരങ്ങളും അന്നു ലഭിച്ചിരുന്നില്ല. അതു ഞാൻ വായിക്കാം. കണ്ണൂർ ഡിസ്ട്രിക്റ്റു മേജർ പ്രോജക്റ്റു 4.8 ലക്ഷം രൂപ. കാലിക്കട്ടു് കുറിയാടി മേജർ പ്രോജക്റ്റു 3.4 ലക്ഷംരൂപ. കോട്ടയം ഡിസ്ട്രിക്ടിൽ മേജർ പ്രോജക്റ്റു ഇല്ല. കൊല്ലം ഡിസ്ട്രിക്ടു കല്ലട പ്രോജക്റ്റു 4.96 ലക്ഷംരൂപ.

പ്രോജക്റ്റു പ്രദേശങ്ങളിൽനിന്നും ഒഴിപ്പിക്കപ്പെടേണ്ടവർ

* 605. (21) ശ്രീ. കെ. ടി. തോമസ്സു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രോജക്റ്റു പ്രദേശങ്ങളിൽനിന്നു് ഒഴിപ്പിക്കപ്പെടേണ്ടവരുടെ ലിസ്റ്റു് ഗവൺമെന്റു് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ ലിസ്റ്റിൽ ഓരോരുത്തരുടേയും കൈവശഭൂമിയുടെവിസ്തീർണ്ണവും ദേഹണ്ഡങ്ങളെ സംബന്ധിച്ച വിശദവിവരങ്ങളും മതിപ്പുവിലയും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഈ കാര്യങ്ങൾകൂടി ചേർത്തു് ലിസ്റ്റു് തയ്യാറാക്കുന്നതിനു നിർദ്ദേശം കൊടുക്കുമോ ?

നിയമവും റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ):

(എ) ലിസ്റ്റു തയ്യാറാക്കിവരുന്നുണ്ടു്.

(ബി,സി) വിശദവിവരങ്ങൾ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നുണ്ടു്.

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

[*Please see answer to Starred Question No.* 604 (20)]

സ്റ്റേറ്റുമെൻറു്

(എ)

ഡിസ്ട്രിക്റ്റു്	മൈനർ ഇറിഗേഷൻ	മീഡിയം ഇറിഗേഷൻ	മീഡിയം ഇറിഗേഷൻ
	രൂപ	രൂപ	രൂപ
തിരുവനന്തപുരം	7,03,399	53.403	28,01,657
കൊല്ലം	6,49,346	75,226	....
ആലപ്പുഴ	6,54,693	1,74,499	2,54,752
കോട്ടയം	2,89,060	1.33,222	....
എറണാകുളം	3,48,658	2,40,559	1,50,000
തൃശ്ശൂർ	1,88,060	3,21,500	6,96,771
പാലക്കാടു്	3,35,184	2,19,807	32,86.019
കോഴിക്കോടു്	1,46,154	2,05,944	....
കണ്ണൂർ	8,26,333	9,33,572	....

(ബി)

തിരുവനന്തപുരം	3000	ഏക്കർ
കൊല്ലം	6429	....
ആലപ്പുഴ	8691	....
കോട്ടയം	805	....
എറണാകുളം	2208·64	....
തൃശ്ശൂർ	3140·74	....
പാലക്കാടു്	4629·86	....
കോഴിക്കോടു്	2250	....
കണ്ണൂർ	4438	....

LIBRARY ARCHIVES Kerala Legislative Assembly